ഗുരുമാർഗം

മനസിനും ദേഹത്തിനും ബലം തരുന്നതോടൊപ്പം അടിസ്ഥാനപരമായ ചില ജീവിതക്ലേശങ്ങളും ഒഴിവാക്കിത്തന്നാലേ സുഗമമായ ഈശ്വര ഭജനം സാദ്ധ്യമാകൂ എന്നാണ് ഭക്തൻ ഇനിയും അറിയുന്നത്.

നിയമ നടത്തിപ്പിന് മാനുഷിക മുഖവുമാകാം

നിയമവും നിയമഭേദഗതിയുമൊക്കെ മനുഷ്യർക്കുവേണ്ടിയാണ്. നിയമ നടത്തിപ്പാണ് പ്രധാനം. ആർക്കുവേണ്ടിയാണോ നിയമം നിർമ്മിക്കപ്പെട്ടിരിക്കുന്നത് സമയത്തും കാലത്തും അത് ഉപകാരപ്പെടുന്നില്ലെങ്കിൽ പ്രസ്തുത നിയമംകൊണ്ട് എന്ത് ഗുണമാണുള്ളത്. കൃഷി നിലങ്ങൾ കരഭൂമിയായി മാറിയതിനെത്തുടർന്ന് ക്രമവത്കരിക്കാൻ അപേക്ഷ നൽകി കാത്തിരിക്കുന്ന ലക്ഷക്കണക്കിന് കർഷകർ ഇവിടെ ഉണ്ട്. 2008 ലെ തണ്ണീർത്തട-നെൽവയൽ സംരക്ഷണ നിയമത്തിന്റെ ഊരാക്കുടുക്കിൽപ്പെട്ടുപോയവരാണവർ. ഒൻപതുലക്ഷം ഹെക്ടറിലേറെ നെൽവയലുകളുണ്ടായിരുന്ന സംസ്ഥാനത്ത് ഇപ്പോൾ രണ്ടുലക്ഷം ഹെക്ടറാണ് അവശേഷിക്കുന്നത്. കൃഷിനിലങ്ങൾ മറ്റാവശ്യങ്ങൾക്കായി നികത്തുന്നത് അപകടകരമായ തോതിൽ വർദ്ധിച്ചപ്പോഴാണ് സർക്കാർ നെൽവയൽ-തണ്ണീർത്തട നിയമം പാസാക്കിയത്. ഇതനുസരിച്ച് നിയമം പ്രാബല്യത്തിലായ തീയതിക്കുമുമ്പ് നികത്തപ്പെട്ട നിലങ്ങളും തണ്ണീർത്തടങ്ങളും കരഭൂമിയായി പരിഗണിക്കപ്പെടും. എന്നാൽ ഇങ്ങനെ രൂപമാറ്റം വന്ന ഭൂമി റവന്യൂവകുപ്പിന്റെ ഡേറ്റാ ബാങ്കിൽ ഉൾപ്പെടുത്തി ക്രമവത്കരിക്കേണ്ടതുണ്ട്. നികത്തപ്പെട്ട ഭൂമിയുടെ വിവരങ്ങൾ കാണിച്ച് ഭൂഉടമ കൃഷി ഓഫീസർക്ക് അപേക്ഷ നൽകണം. കൃഷി ഓഫീസറും ബന്ധപ്പെട്ട വില്ലേജ് ഓഫീസറും സ്ഥലപരിശോധന നടത്തി ഉറപ്പുവരുത്തിവേണം തീരുമാനം വിജ്ഞാപനമായി ഇറക്കാൻ. നികത്തപ്പെട്ട ഭൂമിയുടെ അവസ്ഥയെപ്പറ്റി സംശയമുണ്ടെങ്കിൽ അപേക്ഷ പരിശോധിച്ച് നടപടി എടുക്കേണ്ടത് റിമോട്ട് സെൻസിംഗ് സെന്ററാണ്. നിശ്ചിത ഫീസും കെട്ടിവയ്ക്കേണ്ടതുണ്ട്. വീടുവയ്ക്കാനും മറ്റാവശ്യങ്ങൾക്കുമായാണ് വയലുകളും തണ്ണീർത്തടങ്ങളും സാധാരണ നികത്തപ്പെടുന്നത്. ഭൂമിലഭ്യത തന്നേ കുറവായ സംസ്ഥാനത്ത് കുടുംബങ്ങൾ വിഭജിക്കപ്പെടുന്നതോടെ ഭവന നിർമ്മാണത്തിനായുള്ള ഭൂമി ആവശ്യം വർദ്ധിക്കുകയാണ്. വീടുനിർമ്മാണത്തിനായി കുറഞ്ഞ അളവിൽ വയൽ നികത്താൻ അനുമതി നൽകാറുണ്ട്. എന്നാൽ പതിറ്റാണ്ടുകൾക്കു മുൻപേ കരഭൂമിയായി മാറിയ വയലും തണ്ണീർത്തടവുമൊക്കെ റവന്യൂ പുസ്തകത്തിൽ ഇപ്പോഴും അതേപടി കിടക്കുന്നതിനാൽ ഉടമകൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് വളരെയധികമാണ്.

കൃഷി ഭവനുകളിൽ കെട്ടിക്കിടക്കുന്ന അപേക്ഷകൾ തീർപ്പാക്കാൻ സമയക്രമം നിശ്ചയിക്കുകയാണ് ആദ്യം വേണ്ടത്. കർഷകരെ പലകുറി കൃഷി ഓഫീസിലേക്ക് നടത്തിക്കാതെ വിവരം അവരെ അറിയിക്കാനുള്ള സംവിധാനവും ഒരുക്കണം. സാമ്പത്തിക വർഷാവസാനത്തിന്റെ പേരിൽ അപേക്ഷകൾ ഇനിയും വച്ചുതാമസിപ്പിക്കരുത്.

സംസ്ഥാനത്തെ കൃഷിഭവനുകളിൽ നാലുലക്ഷത്തോളം അപേക്ഷകളാണ് ഭൂമി ക്രമവത്കരണവുമായി ബന്ധപ്പെട്ട് കെട്ടിക്കിടക്കുന്നതെന്നു പറയുമ്പോൾത്തന്നെ അതിന്റെ വൈപുല്യം ബോദ്ധ്യമാകും. ഇത്രയും അപേക്ഷകളിൽ പരിശോധന നടത്തി തീരുമാനമെടുക്കാൻ എത്രകാലമെടുക്കുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ. അപേക്ഷയിൽ കാണിച്ചിരിക്കുന്ന ഭൂമി നിയമം നടപ്പായ 2008 നുമുമ്പ് വയലായിരുന്നോ കരയായിരുന്നോ എന്ന് നഗ്നനേത്രങ്ങളാൽ തീർച്ചപ്പെടുത്താനാവില്ലെന്ന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് സംശയം തോന്നിയാൽ ഉപഗ്രഹ നിരീക്ഷണമാണ് പിന്നീട് ശരണം. നേരായ കാര്യങ്ങൾപോലും ആഴ്ചകളും മാസങ്ങളും വച്ചുതാമസിപ്പിക്കുന്നവർ കർഷകരുടെ അപേക്ഷകൾ കെട്ടിവച്ച് അടയിരിക്കാൻ തുടങ്ങിയിട്ട് മാസങ്ങളായി. ഭൂരേഖകളിൽ ഇപ്പോഴും നിലമായി തുടരുന്ന ഭൂമി പ്രസ്തുത പട്ടികയിൽനിന്ന് മാറ്റിക്കിട്ടിയാലേ അത് ഉചിത നിലയിൽ ഉപയോഗപ്പെടുത്താൻ ഉടമയ്ക്ക് കഴിയൂ. നേരത്തെ കൃഷി ഓഫീസർമാരും വില്ലേജ് ഓഫീസർമാരും ചേർന്ന് തയ്യാറാക്കിയ ഡേറ്റാ ബാങ്ക് വ്യാപകമായ പരാതികൾക്കിടയാക്കിയിരുന്നു. സ്ഥലപരിശോധനപോലും നടത്താതെയാണ് പലേടത്തും രേഖകൾ തയ്യാറാക്കിയതെന്ന് ആക്ഷേപം ഉയർന്നിരുന്നു. അബദ്ധ പഞ്ചാംഗമായി പുറത്തിറക്കിയ റേഷൻ കാർഡുകൾപോലെ ഭൂരേഖകളും മാറിയാൽ എന്തുചെയ്യും. കൃഷി ഭവനുകളിൽ കെട്ടിക്കിടക്കുന്ന അപേക്ഷകൾ തീർപ്പാക്കാൻ സമയക്രമം നിശ്ചയിക്കുകയാണ് ആദ്യം വേണ്ടത്. കർഷകരെ പലകുറി കൃഷി ഓഫീസിലേക്ക് നടത്തിക്കാതെ വിവരം അവരെ അറിയിക്കാനുള്ള സംവിധാനവും ഒരുക്കണം. സാമ്പത്തിക വർഷാവസാനത്തിന്റെ പേരിൽ അപേക്ഷകൾ ഇനിയും വച്ചുതാമസിപ്പിക്കരുത്. മാസങ്ങൾക്കുമുമ്പേ സമർപ്പിക്കപ്പെട്ട അപേക്ഷകളാണ് അധികവുമെന്ന കാര്യം മറക്കരുത്.

വയൽ-നീർത്തട സംരക്ഷണ നിയമം നാടിന്റെ രക്ഷയ്ക്ക് അനിവാര്യമാണെന്നതുപോലെ 2008 നുമുമ്പ് കരയായി രൂപാന്തരപ്പെട്ട ഭൂമി ആ നിലയിൽ അംഗീകരിക്കപ്പെടേണ്ടതുമുണ്ട്. ആളും സ്വാധീനവുമൊന്നുമില്ലാത്ത പാവങ്ങളാണ് ഇത്തരം നിയമത്തിനുള്ളിൽപ്പെട്ട് കൈകാലടിക്കേണ്ടിവരുന്നത്. കനിവിനായി അവർ സർക്കാരിനെയാണ് ഉറ്റുനോക്കുന്നത്. സാങ്കേതികത്വത്തിന്റെ ചുവപ്പുനാടയിൽ കുരുക്കി അവരെ കഷ്ടത്തിലാക്കാതിരിക്കാൻ സർക്കാർ നിർദ്ദേശം പുറപ്പെടുവിക്കേണ്ടതാണ്.

രാജ്യം ഉറ്റുനോക്കുന്ന തിരഞ്ഞെടുപ്പ്

കർണാടക നിയമസഭാ തിരഞ്ഞെടുപ്പ് ഏപ്രിൽ-മേയ് മാസങ്ങളിൽ നടന്നേക്കും

സുധവേണുമേനോൻ

ഗുജറാത്തിനു ശേഷം രാഷ്ട്രീയ നിരീക്ഷകരും, ദേശീയ പ്രാദേശിക പാർട്ടികളും ഒരു പോലെ ഉറ്റുനോക്കുന്ന ഒന്നാണ് അടുത്ത കർണാടക അസംബ്ലി തിരഞ്ഞെടുപ്പ്. ഇന്ത്യൻ രാഷ്ട്രീയത്തിലെ വർത്തമാന സമവാക്യങ്ങളെ തിരുത്തി എഴുതാനും, പുതിയ രാഷ്ട്രീയ വികൽപ്പങ്ങളുടെ സാധ്യതകളെ സജീവമാക്കാനും മാത്രമല്ല; അതോടൊപ്പം ബി.ജെ പിയുടെയും കോൺഗ്രസിന്റെയും ജനസമ്മതിയുടെ മാറ്റുരക്കാനും കർണാടകയിലെ തിരഞ്ഞെടുപ്പ് ഫലം വഴിയൊരുക്കും.

ബി.ജെ.പിക്കും കോൺഗ്രസിനും ജനതാദളിനും അഭിമാന പ്രശ്നമാണ് കർണാടകയിലെ വിജയം. ദക്ഷിണേന്ത്യയിൽ ബി.ജെ.പിക്ക് ഏറ്റവും ശക്തമായ സംഘടനാ സംവിധാനമുള്ള സംസ്ഥാനമാണ് കർണാടക. മാത്രമല്ല, കർണാടകയിൽ മുമ്പ് ബി.ജെ.പിക്ക് ഭരണവും ഉണ്ടായിരുന്നു. അതുകൊണ്ട് ഗുജറാത്തിനു ശേഷം വിജയത്തിൽ കുറഞ്ഞ ഒന്നുകൊണ്ടും ബി.ജെ.പി തൃപ്തരാകില്ല.

കോൺഗ്രസിനെ സംബന്ധിച്ചിടത്തോളം, പാർട്ടി അധികാരത്തിലിരിക്കുന്ന അപൂർവം സംസ്ഥാനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് കർണാടകം. ഒപ്പം, ജീവസ്സുറ്റ ഒരു പാർടി സംവിധാനവും, ജനകീയനായ മുഖ്യമന്ത്രിയും, പറയത്തക്ക ആരോപണങ്ങൾ കേൾക്കാത്ത ഭരണ റെക്കാർഡും ഉണ്ട്. രാഹുൽഗാന്ധി പ്രസിഡണ്ട് സ്ഥാനം ഏറ്റെടുത്ത ശേഷം നടക്കുന്ന തിരഞ്ഞെടുപ്പിൽ ഒരു വൻ വിജയം കോൺഗ്രസിന്റെ മുൻപോട്ടുള്ള കുതിപ്പിന് അത്യാവശ്യമാണ്. രാജസ്ഥാൻ ഉപതിരഞ്ഞെടുപ്പ് ഫലം നൽകുന്ന ആത്മവിശ്വാസവും കോൺഗ്രസിനുണ്ട്.

ജനതാദളിന്റെ രാഷ്ട്രീയ നിലനിൽപ്പ് തന്നെ കർണാടകയിലെ പ്രകടനത്തെ ആശ്രയിച്ചായിരിക്കുമെന്നതിനാൽ പരമാവധി സീറ്റുകൾ നേടേണ്ടത് കുമാരസ്വാമിയുടെ ആവശ്യമാണ്.

ആന്ധ്രയിലും, തെലങ്കാനയിലും, തമിഴ്നാട്ടിലും, മുന്നണി ബന്ധങ്ങൾ പൊളിച്ചെഴുതാനും, ദ്രാവിഡ രാഷ്ട്രീയത്തിന്റെ ദിശ നിർണയിക്കാനും കഴിയുന്ന ഈ തിരഞ്ഞെടുപ്പിൽ എന്തൊക്കെ ഘടകങ്ങൾ ആണ് തിരഞ്ഞെടുപ്പ് ഫലത്തെ സ്വാധീനിക്കുന്നത് എന്ന് നോക്കാം.

സിദ്ധരാമയ്യയുടെ ജനസമ്മതിയും, അദ്ദേഹം സമർത്ഥമായി ഉയർത്തിക്കൊണ്ടുവന്ന ബഹുസ്വരതയിൽ ഊന്നിയ 'കന്നഡ ദേശീയതയുടെ' ആവിഷ്കാരവും ആയിരിക്കും ഈ തിരഞ്ഞെടുപ്പിൽ ഏറ്റവും പ്രസക്തമായ ഘടകങ്ങൾ. മറ്റു സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി, ഭരണവിരുദ്ധ വികാരം അത്രയേറെ ഇല്ലാത്ത സംസ്ഥാനമാണ് കർണാടക. മാത്രമല്ല, കോൺഗ്രസിനു ഇവിടെ മതനിരപേക്ഷമായ ഒരു പ്രാദേശികമുഖവും, വ്യക്തമായ നിലപാടും, ശക്തമായ അടിത്തറയും ഉണ്ട്. ഗുജറാത്തിൽ ബി.ജെ.പി യെ സഹായിച്ച പ്രാദേശികസ്വത്വരാഷ്ട്രീയം ഇവിടെ തുണക്കുന്നത് കോൺഗ്രസ്സിനെയാണ്. ബി.ജെ.പിയുടെ ഹിന്ദുത്വത്തിനെതിരെ മൃദുഹിന്ദുത്വം അല്ല കോൺഗ്രസും സിദ്ധരാമയ്യയും മുന്നോട്ടുവയ്ക്കുന്നത്. മറിച്ച്, 'അഹിന്ദ' എന്ന പിന്നോക്ക ദളിത് ന്യൂനപക്ഷ കൂട്ടായ്മയാണ്. കർണാടകയിലെ ജനസംഖ്യയിൽ മൂന്നിൽ രണ്ടും വരുന്ന 'അഹിന്ദ' വോട്ടാണ് സിദ്ധരാമയ്യയുടെ ഏറ്റവും വലിയ വോട്ട് ബാങ്ക്. ഇതിൽ വിള്ളൽ വീഴ്ത്താൻ ബിജെപിക്കും ജനതാദളിനും കഴിയുമോ എന്ന് സംശയമാണ്. കാരണം, സിദ്ധരാമയ്യയുടെ ജനപ്രിയ നയങ്ങളുടെ നേരിട്ടുള്ള ഉപഭോക്താക്കൾ സാമൂഹ്യമായും, സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന ഈ വിഭാഗക്കാരാണ്. പാവങ്ങൾക്ക് അഞ്ചു രൂപയ്ക്ക് പ്രാതലും, പത്തു രൂപയ്ക്കു ഊണും കൊടുക്കുന്ന ഇന്ദിരാ കാന്റീൻ,തുടങ്ങി ധാരാളം ക്ഷേമപരിപാടികൾ സിദ്ധരാമയ്യ നടപ്പിലാക്കിയിരുന്നു. ഇന്ദിരാ കാന്റീൻ, അരി ലാപ്ടോപ് സൈക്കിൾ വിതരണം, തുടങ്ങിയ പോപ്പുലറിസ്റ്റ് പദ്ധതികളുടെ ഫലപ്രാപ്തിയെ കുറിച്ച് പഠനങ്ങൾ ഒന്നുമില്ലെങ്കിലും തീവ്രമായ ഒരു ഭരണവിരുദ്ധ മനോഭാവം കർണാടകയിൽ ഇല്ല എന്നത് തീർച്ചയാണ്. ദളിത് പിന്നാക്ക സംവരണം വർദ്ധിപ്പിക്കുമെന്ന വാഗ്ദാനവും മുപ്പത്തിരണ്ടു സംവരണമണ്ഡലങ്ങളെയും, അറുപതു മണ്ഡലങ്ങളിലെങ്കിലും നിർണായകശക്തിയും ആയ ദളിത് വോട്ടുകളെയും ലക്ഷ്യമാക്കി തന്നെയാണ്. അതേസമയം, മറ്റു സംസ്ഥാനങ്ങളിലെ പോലെ തന്നെ കാർഷിക വ്യവസ്ഥയുടെ തകർച്ച, കർഷക ആത്മഹത്യ, കാർഷിക വിഭവങ്ങളുടെ വിലയിടിവ് തുടങ്ങിയ പ്രശ്നങ്ങൾ കർണാടകയിലും തീവ്രമാണ്.

കർണാടക
Bidar
Gulbarga
Bijapur
Yadgir
Bagalkot
Raichur
Belgaum
Koppal
Gadag
Dharwad
Bellary
Uttara Kannada
Haveri
Shimoga
Davanagere
Chitradurga
Udupi
Chikmagalur
Tumkur
Chikkaballapura
BLR Rural
Hassan
Kolar
Bangalore
Dakshina Kannada
Ramanagara
Mandya
Kodagu
Mysore
Chamarajanagar

സിദ്ധരാമയ്യയുടെ പ്രത്യേകത ഹൈന്ദവ വർഗീയതയ്ക്ക് എതിരായുള്ള ശക്തമായ ചെറുത്തു നിൽപ്പാണ്. ഇത് പൊതുസമൂഹത്തിന്റെ അംഗീകാരവും നേടാൻ സഹായിക്കുന്നുണ്ട്. വിവിധ ജാതി സാമുദായിക ഗ്രൂപ്പുകളെയും, ന്യൂനപക്ഷങ്ങളെയും നന്നായി ബാലൻസ് ചെയ്തു നിർത്താൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ട്. ഒപ്പം കോൺഗ്രസ്സിന് അകത്തുള്ള ഗ്രൂപ്പ് വഴക്കുകളെയും ഒരു പരിധിവരെ നിശബ്ദമാക്കാൻ കഴിഞ്ഞു. എല്ലാ സാമുദായിക ഗ്രൂപ്പുകളെയും, അവരുടെ ചരിത്രത്തെയും മിത്തുകളെയും ആരാധ്യ പുരുഷന്മാരെയും ഒരു പോലെ അംഗീകരിക്കുന്ന സിദ്ധരാമയ്യക്ക് അതുകൊണ്ട് വിഭിന്ന സമുദായങ്ങളുടെ അംഗീകാരം എളുപ്പം കിട്ടും. ടിപ്പുജയന്തി ശക്തമായ എതിർപ്പിനെ മറികടന്നും ആഘോഷിച്ചത് ഓർക്കുക. ചുരുക്കത്തിൽ, ദേവരാജ് അറസ് മുന്നോട്ടു വച്ച പഴയ 'മഴവിൽ' കൂട്ടായ്മയിലൂടെ ഭരണം നിലനിർത്താൻ ആണ് കോൺഗ്രസ് ശ്രമിക്കുന്നത്.

സിദ്ധരാമയ്യ



യെദിയൂരപ്പ

എച്ച്.ഡി. കുമാരസ്വാമി

അടിത്തറ വിപുലമാക്കിയതും കോൺഗ്രസിന്റെ മറ്റൊരു നേട്ടമാണ്. ഗുജറാത്തിൽ നിന്നും വ്യത്യസ്തമായി 54000 അധികം ബൂത്ത് കമ്മിറ്റികൾ കോൺഗ്രസ് ഉണ്ടാക്കി കഴിഞ്ഞു. പി.സി.സി യുടെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ഇത് നടന്നത്. അടിത്തട്ടിൽ വോട്ട് വിഭാജിക്കാതിരിക്കാൻ എല്ലാ ശ്രമവും കെ.സി.വേണുഗോപാൽ നടത്തുന്നുണ്ട്. അമിത് ഷായുടെ നേതൃത്വത്തിൽ ബി.ജെ.പി സാധാരണ വിജയകരമായി പരിക്ഷീക്കാറുള്ള ബൂത്ത് മാനേജ്മന്റ് ഇത്തവണ കോൺഗ്രസും നടപ്പിലാക്കിയതോടെ പരമാവധി വോട്ടുകൾ പോളിംഗ് ബൂത്തിലെത്തിക്കാൻ ഇരുക്കൂട്ടരും ശ്രമിക്കും.

കർണാടകത്തിലെ പ്രമുഖസമുദായങ്ങൾ ആയ ലിംഗായത്തുകളുടെയും, വൊക്കലിംഗരുടെയും വോട്ടുകൾ ആണ് തിരഞ്ഞെടുപ്പിൽ അടിയൊഴുക്കുകൾ ഉണ്ടാക്കാൻ ഇടയുള്ള മറ്റൊരു പ്രധാന ഘടകം. ലിംഗായത്തുസമുദായം, കർണാടകയിൽ പതിനേഴ ശതമാനം വരുമെന്നാണ് കണക്ക്. പരമ്പരാഗതമായി ബി.ജെ.പി. വോട്ട് ബാങ്ക് ആണ്, ഉത്തരകർണാടകയിൽ നിർണായക ശക്തിയായ ലിംഗായത്തുസമുദായം. ഇവരുടെ പിന്തുണയോടെയാണ് യദിയൂരപ്പ മുഖ്യമന്ത്രി ആയതും. എന്നാൽ ഇത്തവണ, ഹിന്ദു മതത്തിൽ നിന്നും മാറി സ്വതന്ത്ര ന്യൂനപക്ഷ മതം ആകാനുള്ള ലിംഗായത്തുകളുടെ ആവശ്യത്തെ ഔദ്യോഗികമായി പിന്താങ്ങുക വഴി, ഈ വോട്ട്ബാങ്കിൽ വിള്ളൽ വീഴ്ത്താനും, ഒരു വിഭാഗത്തെ കൂടെ നിർത്താനും സിദ്ദരാമയ്യക്ക് കഴിയുമെന്നാണ് വിലയിരുത്തൽ. ബിജെപിക്ക് കനത്ത അടിയാണ് ലിംഗായത്തുവിഭാഗക്കാരുടെ ഈ തീരുമാനം. ആകെയുള്ള 224 മണ്ഡലങ്ങളിൽ തൊണ്ണൂറ്റിആറു മണ്ഡലങ്ങളിൽ ജയപരാജയത്തെ ബാധിക്കാനിടയുള്ളത് കൊണ്ടാണ് യദിയൂരപ്പയെ വടക്കൻ കർണാടകയിൽ നിന്ന് തന്നെ മത്സരിപ്പിക്കാൻ പാർട്ടി ഒരുങ്ങുന്നത്. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ പതിനഞ്ചു ശതമാനം ലിംഗായത്തു വോട്ടുകൾ മാത്രം കിട്ടിയ കോൺഗ്രസിന്, ഇത്തവണ അവരുടെ ചെറിയ പിന്തുണപോലും വോട്ട് ഷെയറിൽ വലിയ മാറ്റം വരുത്തും. ലിംഗായത്തുസമുദായത്തിന്റെ ആരാധ്യപുരുഷനായ ബസവണ്ണയുടെ ചിത്രം എല്ലാ സർക്കാർ സ്ഥാപനങ്ങളിലും വയ്ക്കണമെന്ന ഉത്തരവും സമുദായത്തിന്റെ വൈകാരികതയെ ഉപയോഗിക്കാനുള്ള സമർത്ഥമായ നീക്കമാണ്.

വൊക്കലിംഗ കർഷകർ അതേസമയം ജനതാദളിന്റെ വോട്ട് ബാങ്ക് ആണ്. കാവേരിബെൽട്ടിൽ ശക്തരായ വൊക്കലിംഗരുടെ സഹായത്തോടെ മുപ്പതു സീറ്റ് എങ്കിലും ജനതാദൾ സെക്കുലർ നേടിയേക്കാം. അത് ബിജെപിക്ക് തൊടാൻ പറ്റില്ല. അതുകൊണ്ട് തന്നെ ജനതാദൾ നേടുന്ന സീറ്റുകൾ നിർണായകമായിരിക്കും.

അതേസമയം യദിയൂരപ്പയുടെ മടങ്ങിവരവും, പരമ്പരാഗത ഹൈന്ദവ വോട്ടുകളും മോദിയുടെ പ്രതിച്ഛായയുമൊക്കെ ബിജെപിയുടെ തുറുപ്പുചീട്ടുകൾ ആണ്. മഠാധിപതിമാരുടെയും, സമുദായ നേതാക്കന്മാരുടെയും വാക്കുകൾക്കു ഹൈന്ദവ വോട്ടുകളിൽ സ്വാധീനമുണ്ട്. സിദ്ധരാമയ്യയെ ഹിന്ദുക്കളുടെ ശത്രു ആയിട്ടാണ് അമിത് ഷാ അവതരിപ്പിക്കുന്നത്. ടിപ്പു ജയന്തി ആഘോഷിച്ചതും, ഹിന്ദുസംഘടനകളെ ഭീകര വാദികൾ ആയി വിശേഷിപ്പിച്ചതും, സംഘപരിവാറിനോടുള്ള കർക്കശ സമീപനവുമൊക്കെ ഹിന്ദു വോട്ടുകൾ കോൺഗ്രസിന് എതിരായി ധ്രുവീകരിക്കാനുള്ള സാഹചര്യം ബി.ജെ.പിക്ക് ഒരുക്കി കൊടുക്കുന്നുണ്ട്. പല സേനകളുടെയും പേരിൽ പരിവാർ വിഭാഗങ്ങൾ ഗ്രാമീണകർണാടകയിലും ദക്ഷിണമേഖലയിലെ, കലുഷിതമായ ഹിന്ദുബെൽട്ടിലും സജീവമാണ്. യോഗി ആദിത്യനാഥിനെ കൊണ്ട് പരിവർത്തൻ ജാഥ ഉത്ഘാടനം ചെയ്യിച്ചത് തന്നെ സിദ്ധരാമയ്യയുടെ അഹിന്ദരാഷ്ട്രീയത്തെ ഹിന്ദു വോട്ടുകൾ കൊണ്ട് നേരിടാൻ വേണ്ടിയാണ്. ചിക്മംഗലൂരിലെ ബാബബുദൻ ഗിരി മറ്റൊരു അയോധ്യ ആക്കാനും തീവ്രഹിന്ദു വാദികൾ ശ്രമിക്കുന്നുണ്ട്.

ഹിന്ദു വോട്ടുകൾ ബി.ജെ.പിയിലേക്ക് ഏകീകരിക്കുകയും, ബിജെപി വിരുദ്ധ വോട്ടുകൾ ജനതാദളിനും കോൺഗ്രസിനും മറ്റു ചെറുകക്ഷികൾക്കും ഇടയിൽ ചിതറി പോവുകയും ചെയ്താൽ ഒരു പക്ഷെ ചെറിയ ഭൂരിപക്ഷത്തിന് ബി.ജെ.പി അധികാരത്തിൽ വന്നേക്കാം. എങ്കിലും, ഇന്നത്തെ സാഹചര്യത്തിൽ, ഗ്രാമനഗര വോട്ടർമാർക്കും, പിന്നാക്കക്കാർക്കും, ന്യൂനപക്ഷത്തിനും, മതനിരപേക്ഷ പൊതുസമൂഹത്തിനും ഒരു പോലെ അംഗീകരിക്കാൻ പറ്റുന്ന സിദ്ദരാമയ്യ തന്നെ നൂറ്റിഇരുപതു സീറ്റ് എങ്കിലും നേടി അധികാരത്തിൽ വീണ്ടും വരാനാണ് ഏറെ സാധ്യത. ജനതാദൾ കൂടുതൽ സീറ്റ് നേടുകയാണെങ്കിൽ ഒരു പക്ഷെ ആരും ഭൂരിപക്ഷം നേടാത്ത അവസ്ഥയോ, മുന്നണി ഭരണമോ ആയേക്കാം.

കോൺഗ്രസ് തന്നെ വീണ്ടും വരികയാണെങ്കിൽ അത് ദേശിയതലത്തിൽ സാമൂഹ്യനീതിയിലും, മതനിരപേക്ഷതയിലും ഊന്നുന്ന ഉറച്ച നിലപാട് സ്വീകരിക്കാൻ കോൺഗ്രസിന് ശക്തി പകരും. അത്, നിലവിലുള്ള മുന്നണി ബന്ധങ്ങളെയും മാറ്റിമറിക്കാൻ ഇടവരുത്തും. അടുത്ത പൊതു തിരഞ്ഞെടുപ്പിൽ ആത്മവിശ്വാസത്തോടെ മോദിയെ എതിരിടാൻ കോൺഗ്രസ് സജ്ജമാകും. മറിച്ചാണെങ്കിൽ, കോൺഗ്രസ് മുക്തഭാരതം എന്ന സ്വപ്നത്തിലേക്ക് ഒരു ചുവട് കൂടി മുന്നോട്ടു വയ്ക്കാൻ ബി.ജെ.പിക്ക് കഴിയും. മോദി അജയ്യനായി തുടരുകയും ചെയ്യും.

(ലേഖികയുടെ ഫോൺ : 09726342375)

പ്രതികരണങ്ങൾ

'സനൽകുമാർ ശശിധരൻ വീട്ടിൽ വന്ന വിവരം അറിഞ്ഞില്ല'

പ്രിയപ്പെട്ട ചീഫ് എഡിറ്റർ,

കേരളകൗമുദി നിലപാട് പേജിൽ 12. 02. 2018 ന് സംവിധായകൻ സനൽകുമാർ ശശിധരന്റെ ഒരു ഫേസ്ബുക്ക് പോസ്റ്റ് റിപ്പോർട്ട് ചെയ്തിരുന്നല്ലോ. എന്റെ ശ്രദ്ധയിലേക്ക് എന്ന തലക്കെട്ടോട് കൂടിയാണ് ഇത് പ്രസിദ്ധീകരിച്ചിരിക്കുന്നത്. ഫെബ്രുവരി ആറാം തീയതിയാണ് സനൽകുമാർ ഫേസ്ബുക്കിൽ ഇത് പോസ്റ്റ് ചെയ്തിരിക്കുന്നത്. എന്നാൽ കേരളകൗമുദി ഫെബ്രുവരി 12നാണ് ഇത് റിപ്പോർട്ട് ചെയ്തത്. ആറ് ദിവസങ്ങൾ കഴിഞ്ഞ് ഒരു വാർത്ത പ്രസിദ്ധീകരിക്കുമ്പോൾ അതിൽ എന്തെങ്കിലും നടപടി ആയിട്ടുണ്ടോ എന്ന് അന്വേഷിക്കാനുള്ള ഉത്തരവാദിത്വം പത്രം കാണിക്കണമായിരുന്നു.

സനൽ ഒരു ദിവസം എന്നെ കാണണമെന്ന് ആവശ്യപ്പെട്ട് ഓഫീസിൽ വിളിച്ചിരുന്നു. എന്നാൽ ഞാൻ സമയം അനുവദിച്ചപ്പോൾ അദ്ദേഹത്തിന്റെ അസൗകര്യം മൂലം കാണാൻ സാധിച്ചില്ല. പിന്നീട് അദ്ദേഹം ഓഫീസുമായി ബന്ധപ്പെട്ടപ്പോൾ ഓഫീസിൽ വിളിച്ച് ഞാൻ ഉണ്ടെന്ന് ഉറപ്പാക്കിയ ശേഷം വരാൻ നിർദ്ദേശിക്കുകയും ചെയ്തു. നിയമസഭാ സമ്മേളനം നടക്കുന്ന സമയമായതിനാൽ പൊതുവെ തിരക്കിലുമായിരുന്നു. ഞാൻ ഓഫീസിൽ ഉള്ളപ്പോൾ എത്ര തിരക്കുണ്ടെങ്കിലും സന്ദർശകരെ കാണാറുണ്ട്. ഞാൻ ഓഫീസിൽ ഉള്ളപ്പോൾ സനൽ വന്നിട്ടില്ല. സനൽകുമാർ ശശിധരൻ വീട്ടിൽ കാണാൻ വന്ന വിവരം അറിഞ്ഞിരുന്നില്ല.

ഫെബ്രുവരി ആറിന് രാവിലെ പത്ത് മണിയോട് കൂടിയാണ് സനലിന്റെ പരാതി പിന്നീട് എനിക്ക് മെയിലായി ലഭിക്കുന്നത്. അന്ന് തന്നെ അത് ആവശ്യമായ പരിശോധനയ്ക്കായി ഫിലിം ഡെവലപ്മെന്റ് കോർപറേഷൻ എം.ഡിക്ക് അയച്ചുകൊടുത്തിരുന്നു. കോർപറേഷനെ കുറിച്ചാണ് അദ്ദേഹത്തിന്റെ പരാതി. അതുകൊണ്ടാണ് അവരുടെ വിശദീകരണത്തിനായി അയച്ചുകൊടുത്തത്. ഈ വിവരം അപ്പോൾ തന്നെ സനലിനെ മെയിൽ വഴി അറിയിക്കുകയും ചെയ്തു. അതിന്റെ വിശദാംശങ്ങൾ ഇതോടൊപ്പം വയ്ക്കുന്നു. പരാതി പരിശോധിച്ച് ഇക്കാര്യത്തിൽ എത്രയും പെട്ടെന്ന് സർക്കാർ തീരുമാനമെടുക്കും. സനലിനുണ്ടായ ബുദ്ധിമുട്ട് മനസിലാക്കി തന്നെയാണ് ഇത്രയും വേഗത്തിൽ നടപടി സ്വീകരിച്ചത്.

ഒരു പരാതിയിന്മേൽ ഇത്രയും വേഗത്തിൽ നടപടികൾ സ്വീകരിച്ചിട്ട് ആറ് ദിവസങ്ങൾ പിന്നിട്ട ശേഷം ഒന്നും ചെയ്തില്ലെന്ന നിലയിലാണ് വാർത്ത പ്രസിദ്ധീകരിച്ചത്. അതത് സമയത്തെ പ്രതികരണങ്ങളാണ് സോഷ്യൽമീഡിയകളിൽ വരുന്നത്. അതുകൊണ്ട് തന്നെ ഉത്തരവാദിത്വപ്പെട്ട സ്ഥാനത്തിരിക്കുന്നവർക്കെതിരെ ഇത്തരം വാർത്തകൾ പ്രസിദ്ധീകരിക്കുമ്പോൾ നിജസ്ഥിതി അന്വേഷിക്കാനുള്ള ധാർമ്മിക ഉത്തരവാദിത്വം കാണിക്കണമായിരുന്നു. അത് താങ്കളുടെ പത്രത്തിൽ നിന്ന് ഉണ്ടായില്ലെന്ന് താങ്കളെ ഖേദപൂർവം ഓർമ്മപ്പെടുത്തുന്നു.

വിശ്വസ്തതയോടെ,
എ.കെ. ബാലൻ

പരാതിക്ക് പരിഹാരമായില്ല

എന്റെ ഫേസ്ബുക്ക് പോസ്റ്റ് കേരളകൗമുദിയിൽ പ്രസിദ്ധീകരിക്കുന്നതിനു മുമ്പ് ഈ വിഷയത്തിൽ എന്തെങ്കിലും നടപടിയുണ്ടായോയെന്ന് അവർ വിളിച്ച് അന്വേഷിച്ചിരുന്നു. ഒരു നടപടിയും ഉണ്ടായില്ലെന്ന് ഞാൻ പറഞ്ഞതിനാലാകാം കൗമുദിയത് പ്രസിദ്ധീകരിച്ചത്. കൗമുദിയിൽ അത് കണ്ടശേഷമാണ് മന്ത്രി ബാലൻ എന്നെ ഫോണിൽ വിളിച്ചത്. ദീർഘമായി സംസാരിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ഔദ്യോഗിക വസതിയിൽ ഞാൻ ചെന്നിട്ട് കാണാൻ കൂട്ടാക്കിയില്ലെന്ന് പറഞ്ഞത് ക്ഷീണമായെന്നു തോന്നുന്നു. വസതിയിലെത്തിയ ശേഷം അദ്ദേഹത്തിന്റെ ഫോണിൽ മൂന്നു തവണ വിളിച്ചെങ്കിലും പ്രതികരണമുണ്ടായില്ല. അതിന്റെ കാരണം അറിയില്ല. ഒരു കലാപ്രവർത്തകൻ വസതിയിലെത്തുമ്പോൾ കാണണോയെന്ന് തീരുമാനിക്കുന്നത് ആ വ്യക്തിയെ ആശ്രയിച്ചിരിക്കും. ഇവിടെ അതല്ല വിഷയം. ഞാൻ ഉന്നയിച്ച പ്രശ്നത്തിൽ ഇനിയും ഒരു നടപടിയും ഉണ്ടായില്ലെന്നതാണ്. മറ്റെല്ലാം അപ്രസക്തമാണ്. പ്രശ്നം പരിഹരിക്കാനുള്ള സൻമനസ് മന്ത്രി കാണിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

സനൽ കുമാർ ശശിധരൻ

കെ.എസ്.ആർ.ടി.സി ലാഭത്തിലാക്കാൻ ഒറ്റമൂലി നിർദ്ദേശം

- സർവീസ് കളക്ഷനാണ് കെ.എസ്.ആർ.ടി.സിയുടെ ജീവൻ.
- സമയക്രമീകരണമില്ലാതെ കേരളം ഒട്ടുക്ക് കോൺവേ സിസ്റ്റത്തിൽ ബസുകൾ ഓടുന്നത് കാണാം. 80 പേർക്ക് യാത്ര ചെയ്യാവുന്ന ലോ ഫ്ലോർ ബസുകൾ വരെ മൂന്നും നാലും യാത്രക്കാരുമായി ഓടുന്ന ദയനീയ കാഴ്ചയാണുള്ളത്.
- ആവശ്യത്തിന് ലൈൻ ഇൻസ്പെക്ടേഴ്സിനെയും സ്ക്വാഡിനെയും നിയമിച്ച് റൂട്ടിലെ സമയക്രമീകരണം ശരിയാക്കുക.
- സർവീസ് റൂട്ടിലെ കാര്യങ്ങൾ ഓഫീസർമാർക്ക് അറിയില്ല.
- റൂട്ടിലെ അഴിമതികൾ കണ്ടുപിടിച്ച് റിപ്പോർട്ട് ചെയ്യേണ്ടതും ലൈൻ ഇൻസ്പെക്ടേഴ്സാണ്.
- "Line Inspectors are the nerves of the department'' എന്നാണ് സാൾട്ടറുടെ ട്രാൻസ്പോർട്ട് കോഡിൽ പറയുന്നത്.
- കെ.എസ്.ആർ.ടി.സി ബസുകൾ എത്ര കിലോമീറ്ററുകൾ ഓടിയെന്നും എൻജിൻ കണ്ടീഷൻ എങ്ങനെയെന്നും എത്രപ്രാവശ്യം ബ്രേക്ക്ഡൗൺ ആയെന്നും നോക്കാതെ ഇത്രവർഷം കഴിഞ്ഞ ബസുകൾ ലേലം ചെയ്യാമെന്നുള്ള ബുദ്ധിശൂന്യമായ തീരുമാനങ്ങൾ വൻ നഷ്ടത്തിലാണ് കെ.എസ്.ആർ.ടി.സിയെ തള്ളിവിടുന്നത്.
- ലേലം പിടിക്കുന്നവർ മൈനർ റിപ്പയർ തീർത്ത് പ്രൈവറ്റ് സർവീസുകൾ നടത്തുന്നതായി കാണാൻ സാധിച്ചിട്ടുണ്ട്.
- കോടിക്കണക്കിന് രൂപയുടെ കമ്മിഷൻ സ്വന്തമാക്കാൻവേണ്ടി കണ്ടീഷനുള്ള ബസുകൾ ലേലം ചെയ്തിട്ട്1000 പുതിയ ബസുകൾ വാങ്ങുന്നതും കോടാനുകോടി രൂപയുടെ നഷ്ടം കെ.എസ്.ആർ.ടി.സിക്ക് വരുത്തുന്നു.
- ബസുകൾ എത്ര പ്രാവശ്യം ബ്രേക്ക് ഡൗൺ ആയെന്നുള്ളതിന് രജിസ്റ്റർ സൂക്ഷിക്കണം.
- ബ്രേക്ക് ഡൗൺ അറ്റന്റ് ചെയ്യേണ്ട മെക്കാനിക്കൽ സ്റ്റാഫിന് ഇന്ന് പണിയില്ല.
- പ്രൈവറ്റ് ബസുകൾക്ക് സൈഡു കൊടുക്കുന്ന സ്റ്റാഫിനെ കണ്ടുപിടിച്ച് റിപ്പോർട്ട് ചെയ്യേണ്ടത് ലൈൻ ഇൻസ്പെക്ടേഴ്സ് ആണ്. എംപാനൽകാർക്ക് സർവീസ് ബുക്കില്ല. ശിക്ഷണ നടപടി നടക്കുകയില്ല.
- യൂണിറ്റ് ഓഫീസറോട് ആലോചിക്കാതെ മുകളിൽനിന്നും രാഷ്ട്രീയ അതിപ്രസരത്തിന് വഴങ്ങി തീരുമാനിക്കുന്ന രീതി നിറുത്തലാക്കുക. നടപടി യൂണിറ്റിൽത്തന്നെ തീരുമാനിക്കണം. എങ്കിൽ മാത്രമേ യൂണിറ്റ് ഭദ്രമാകൂ.
- സ്പെയർ പാർട്സ് കിട്ടാത്ത യൂണിറ്റുകളിൽ ലോക്കൽ പർച്ചേസ് ചെയ്യാമെന്നുണ്ട്. ഇല്ലാത്ത സ്ഥാപനത്തിന്റെ പേരിൽ കള്ള ബില്ലുണ്ടാക്കി വെട്ടിപ്പ് നടത്താതിരിക്കാൻ ലോക്കൽ പർച്ചേസ് ചെയ്യേണ്ട സ്ഥാപനങ്ങളുടെ പേര് യൂണിറ്റുകളിൽ കൊടുക്കുക.
- കൃത്യസമയത്തിന് ഓഫീസിൽ ഹാജരാകാത്തവരെ കണ്ടുപിടിച്ച് നടപടി സ്വീകരിക്കാൻ സർപ്രൈസ് സ്ക്വാഡിനെ നിയമിക്കുക. അല്ലെങ്കിൽ പഞ്ചിംഗ് സിസ്റ്റം നടപ്പിലാക്കുക.
- കൂടുതൽ കാലം സർവീസ് പോയിട്ടുള്ള സീനിയർ കണ്ടക്ടർ, സ്റ്റേഷൻമാസ്റ്റർ, ഇൻസ്പെക്ടർമാർ ഉൾക്കൊള്ളുന്ന ഷെഡ്യൂൾഡ് സർവീസ് സമയം ക്ലിപ്തപ്പെടുത്തി നടപ്പിലാക്കിയിട്ട് ഒരുമാസം കഴിഞ്ഞിട്ട് റൂട്ട് ഇൻസ്പെക്ടേഴ്സിന്റെ റിപ്പോർട്ട് അനുസരിച്ച് സ്ഥിരം ഷെഡ്യൂൾ സർവീസ് നടപ്പിലാക്കുക.
- സർവീസിന്റെ സമയവിവര പട്ടിക തയ്യാറാക്കി യാത്രക്കാർക്കും പ്രധാനപ്പെട്ട ബസ് സ്റ്റോപ്പിലും പ്രദർശിപ്പിക്കുക.

-ഡി.വിജയൻ,
റിട്ട.ഡി.ടി.ഒ
കെ.എസ്.ആർ.ടി.സി
ഒരുവാതിൽക്കോട്ട
തിരുവനന്തപുരം